കൂട്ടമണി

**ഏഷ്യാനെറ്റ് മൂവീസ്**
09.30 വിയറ്റ്നാം കോളനി
12.00 എന്ന് നിന്റെ മൊയ്തീൻ
02.30 തെങ്കാശിപ്പട്ടണം
07.00 അറബിക്കഥ
09.30 അയാൾ കഥയെഴുതുകയാണ്

01.00 ലേഡീസ് ആൻഡ് ജെന്റിൽമാൻ
04.00 നിറക്കൂട്ട്
07.00 കിളിച്ചുണ്ടൻ മാമ്പഴം
10.30 ക്രേസി ഗോപാലൻ

**ഏഷ്യാനെറ്റ് എച്ച്ഡി**
09.00 അടി കപ്യാരെ കൂട്ടമണി

**സൂര്യ**
09.00 ചക്കരമുത്ത്
02.30 ചാപ്പാ കുരിശ്

**സൂര്യ മൂവീസ്**
10.30 മാഡ് ഡാഡ്
01.30 സരോവരം

12.00 കലണ്ടർ
03.00 ഗോപാലപുരാണം
06.00 ഉപ്പുകണ്ടം ബ്രദേഴ്സ് ബാക്ക് ഇൻ ആക്ഷൻ
09.00 ഗസൽ

**മഴവിൽ മനോരമ**
01.00 പരോൾ

| | |
|---|---|
| പഴയത് | |
| പഞ്ചസാര | 3,620 |
| മുളക് | 11,000-13,000 |
| ഉഴുന്ന് | 7,500-8,800 |
| ചെറുപയർ | 7,500-8,500 |
| കടല | 5,800-6,000 |
| മുതിര | 4,500 |

# സ്വിറ്റ്സർലൻഡിലെ ഇടിഎച്ച് സർവകലാശാലയിൽ വിശ്വജ്യോതിയുടെ റിസേർച്ച് പ്രോജക്ട്

**വാഴക്കുളം:** ആൽബർട്ട് ഐൻസ്റ്റീന്റെ ഗവേഷണങ്ങൾകൊണ്ട്
ലോകപ്രശസ്തമായ സൂറിച്ചിലെ ഇടിഎച്ച് സർവകലാശാലയി
ൽ (സ്വിസ് ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) 2020-ൽ
നടക്കുന്ന ടെക്നോളജി ഇന്നോവേഷൻ പ്രോജക്ട് മത്സരത്തിൽ
വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് തെരഞ്ഞെ
ടുക്കപ്പെട്ടു.

ആഗോളതലത്തിലുള്ള യൂണിവേഴ്സിറ്റികളും ഇൻഡസ്ട്രിക
ളും മാറ്റുരയ്ക്കുന്ന രാജ്യാന്തരമത്സരങ്ങളിൽ ഇന്ത്യയിൽനിന്നു
യൂണിവേഴ്സിറ്റി തലത്തിൽ വിശ്വജ്യോതിയുടെ പ്രോജക്ട് മാത്ര
മാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.


ലോകോത്തര നിലവാരമുള്ള റിസർച്ച് പ്രോജക്ടുകൾ സൂറി
ച്ചിലെ ഇടിഎച്ച് പോലെയുള്ള അന്താരാഷ്ട്ര പ്ലാറ്റ്ഫോമുകളിൽ
പ്രദർശിപ്പിക്കാൻ അവസരം ലഭിച്ചതുവഴി വിശ്വജ്യോതിയിലെ
വിദ്യാർഥികൾക്കും റിസർച്ച് ആൻഡ് ഡവലപ്മെന്റ് വിഭാഗത്തി
നും അഭിമാനകരമായ നേട്ടമാണ് കൈവരിക്കാനായത്.

കോളജിലെ സിവിൽ എൻജിനീയറിംഗ്, കംപ്യൂട്ടർ സയൻസ്
ആൻഡ് എൻജിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണി
ക്കേഷൻ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്,
ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ്, ഇ
ൻഫോർമേഷൻ ടെക്നോളജി എന്നീ ബ്രാഞ്ചുകൾക്ക് നാഷണ
ൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.
കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് എൻജിനീയറിംഗ് കോ
ളജുകളിൽ വിശ്വജ്യോതിക്ക് മാത്രമാണ് ഇപ്പോൾ എല്ലാ ബിടെ
ക് കോഴ്സുകൾക്കും അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.

ജർമൻ വിദഗ്ധരുടെ പരിശീലനം, സ്റ്റാർട്ടപ്പ് ഹബ്, ഫാബ് ലാ
ബ്, 100 ശതമാനം പ്ലേസ്മെന്റ് റിക്കോർഡ് എന്നിവയും കോളജി
നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സുപ്ര
ധാന പങ്ക് വഹിച്ചു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 2014-18 ബാച്ച് ബിടെക് കോ
ഴ്സുകളിലേക്ക് നടത്തിയ അവസാനവർഷ പരീക്ഷയിൽ വാഴ
ക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിന് എല്ലാ ബ്രാ
ഞ്ചുകളിലുമായി 12 റാങ്കുകൾ ലഭിച്ചു.

ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിം
ഗ് ബ്രാഞ്ചിൽ അഞ്ജന ഷാജിക്ക് ഒന്നാം റാങ്കും ഇൻഫർമേഷ
ൻ ടെക്നോളജിയിൽ സോനം സൂസൻ മാത്യുവിന് രണ്ടാം റാ
ങ്കും സ്വാതി കൃഷ്ണയ്ക്ക് മൂന്നാം റാങ്കും ഉൾപ്പെടെ നേടിയിട്ടു
ള്ള 12 റാങ്കുകൾ വിശ്വജ്യോതിക്ക് അഭിമാനകരമായ നേട്ടമാണ്
സമ്മാനിച്ചിരിക്കുന്നത്.




പൈനാപ്പിൾ പഴ വിപണി ഇടിഞ്ഞതിനെ തുടർന്ന് വാഴക്കുളം മാ
കെട്ടിക്കിടക്കുന്ന പൈനാപ്പിൾ.

# തീരനിയന്ത്രണ വ്യക്തമാക്കാൻ

**കൊച്ചി:** സംസ്ഥാനത്തെ വിവിധ തീരനിയന്ത്രണ മേഖലകൾ (കോസ്റ്റൽ റെഗുലേഷൻ സോണുകൾ) നിർണയിക്കാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കി ഒരു മാസത്തിനുള്ളിൽ സത്യവാങ്മൂലം നൽകാൻ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിനു ഹൈക്കോടതി നിർദേശം നൽകി.

കേന്ദ്ര സർക്കാരിന്റെ 1991ലെയും 2011ലെയും വിജ്ഞാപന പ്രകാരം മേഖലാ നിർണയം നടത്താൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നോയെന്നും ഇല്ലെങ്കിൽ ഇതിനെന്തു സമയം വേണ്ടിവരുമെന്നു വ്യക്തമാക്കാനും ഉത്തരവിൽ പറയുന്നു. പഞ്ചായ

ത്തുകളെ കോസ്റ്റൽ
ൻ സോൺ മൂന്നിൽ
യത് മനസിരുത്താ
ന്നും കാലാകാലങ്ങ
ജ്ഞാപന പ്രകാരം
ഗുലേഷൻ സോൺ
പഞ്ചായത്തുകൾ ഉ
ന്നും ഹർജിക്കാരൻ
യിരുന്നു.

ഇതിൽ കൃത്യത
ണ്ടു മാനദണ്ഡങ്ങൾ
സത്യവാങ്മൂലം ന
ക്കോടതി നിർദേശ
ത്തിലെ കോസ്റ്റൽ
സോൺ നിർണയ
കതകളുണ്ടെന്നും
കളെ അവികസിത
കണക്കാക്കി കോ

Thursday 5th June 2019, Deepika

Mangalam
Monday, 10th June 2019

...മിഠായി കടലാസിൽ പൊതിഞ്ഞ നിലയിൽ 45 പൊതികളിലായി 120 ഗ്രാമോളം കഞ്ചാവ് ഇയാളുടെ പക്കൽ നിന്ന് കണ്ടെടുത്തു. സ്കൂൾ പരിസരങ്ങളിൽ സിപ്അപ്, ഐസ് മിഠായി എന്നിവ വിൽക്കാനെന്ന ... വ റേഞ്ച് എക്സൈസ് ഷാഡോ ടീം നിരീക്ഷണം ശക്തമാക്കിയിരുന്നു.

വിദ്യാർഥികളുടെ ഇടയിൽ നിന്നുതന്നെ ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഇയാൾ ആലുവ റേഞ്ച് എ... യിൽ ഇയാൾ നൽകിയിരുന്ന വ്യവസ്ഥ.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ഇയാൾ ഇതിന് മുൻപ് ആനപാപ്പാന്റെ തൊഴിലാണ് സ്വീകരിച്ചിരുന്നത്. ആനയുടെ ആക്രമണത്തിൽ പരു... നുള്ള എളുപ്പത്തിന് വേണ്ടിയാണ് കുറഞ്ഞ അളവിൽ കഞ്ചാവ് വാങ്ങിക്കൊണ്ടുവരുന്നതെന്നും ഇയാൾ ചോദ്യം ചെയ്യലിൽ പറഞ്ഞതായി എക്സൈസ് അധികൃതർ അറിയിച്ചു. ആലുവ കാസിനോ തിയറ്ററിനടുത്ത് ആവ...

# ഐൻസ്റ്റീന്റെ വിദ്യാലയത്തിൽ വാഴക്കുളം പെരുമ

വാഴക്കുളം: ആൽബർട്ട് ഐൻസ്റ്റീന്റെ ഗവേഷണങ്ങൾകൊണ്ട് ലോകപ്രശസ്തമായ സൂറിച്ചിലെ ഇ.ടി.എച്ച്. സർവകലാശാല(സ്വിസ് ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)യിൽ 2020 ൽ നടക്കുന്ന ടെക്നോളജി ഇന്നൊവേഷൻ പ്രോജക്ട് മത്സരത്തിലേക്ക് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളജ് തെരഞ്ഞെടുക്കപ്പെട്ടു. ലോകോത്തര വിദ്യാഭ്യാസ, വ്യവസായ സ്ഥാപനങ്ങൾ മാറ്റുരയ്ക്കുന്ന മത്സരത്തിൽ സർവകലാശാലതലത്തിൽ ഇന്ത്യയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏക പ്രോജക്ട് ആണ് വിശ്വജ്യോതിയുടേത്.

32 നൊബേൽ ജേതാക്കളെ സൃഷ്ടിച്ച ഇ.ടി.എച്ച്. 1855 ൽ സ്ഥാപിതമാണ്. 2019 ൽ ക്യൂ.എസ്. ആഗോള സർവകലാശാല റാങ്കിങ്ങിൽ ഏഴാം സ്ഥാനത്തായിരുന്ന സ്ഥാപനത്തിൽ ആൽബർട്ട് ഐൻസ്റ്റീൻ 1896 മുതൽ 1900 വരെ വിദ്യാർഥിയും 1912 മുതൽ 14 വരെ അധ്യാപകനുമായിരുന്നു.

ചരിത്രമുറങ്ങുന്ന ലോകോത്തര വിദ്യാലയത്തിൽ കഴിവ് തെളിയിക്കാൻ എത്തുമ്പോൾ വിശ്വജ്യോതി കോളജിന് അഭിമാനിക്കാനേറെ. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ 2014–18 ബി. ടെക് ബാച്ചിൽ 12 റാങ്കുകളാണ് വിശ്വജ്യോതി നേടിയത്.



• കേരള ബേക്കറി വർക്കേഴ്സ് അസോസി... ...ർ സൗമിനി ജയിൻ ഉദ്ഘാടനം ഉദ്ഘാ...

# നികുതി കുടിശിക രണ്ടു ലക്ഷം കവിഞ്ഞു; സ്വകാര്യ ബസ് എൻഫോഴ്സ്മെന്റ് അധികൃതർ പിടിച്ചെടുത്തു

കാക്കനാട്: 2018 സെപ്തംബർ 30ന് ശേഷം നികുതി അടക്കാതെ സർവീസ് നടത്തിയ കോൺട്രാക്ട് കാരേജ് ബസ് മോട്ടോർ വാഹന വകുപ്പ് അധികൃതർ പിടികൂടി. രണ്ടു ലക്ഷത്തിലേറെ രൂപയാണ് നികുതിയിനത്തിൽ വാഹന ഉടമ അടക്കേണ്ടിയിരുന്നത്. എറണാകുളത്തു നിന്നും എത്തിയ ബസ് ഏലൂർ പാതാളം ജങ്ഷനിൽ എൻഫോഴ്സ്മെന്റ് അധികൃതർ കൈകാണിച്ചിട്ടും നിർത്താതെ പോയി.

പാതാളം, ഏലൂർ, മുപ്പത്തടം എന്നിവിടങ്ങളിലെ കല്യാണ വീടുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിയെങ്കിലും വാഹനം കണ്ടെത്താൻ കഴിഞ്ഞില്ല. മഴയും പ്രതികൂല കാലാവസ്ഥയും മൂലം അന്വേഷണം തടസപ്പെട്ടു.

നിർത്താതെ പോയ ബസ് നെടുമ്പാശേരിക്കടുത്ത് നിർത്തിയിട്ട നിലയിൽ പിന്നീട് കണ്ടെത്തി. കോട്ടയം സ്വദേശിയുടെ പക്കൽ നിന്നും വാങ്ങിയ വാഹനം പേരു മാറ്റാതെയും, നികുതി അടക്കാതെയും ഉപയോഗിച്ചു വരികയായിരുന്നു. രണ്ടു ലക്ഷം രൂപയിലേറെ നികുതി അടക്കാനുള്ള വാഹനം മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്ത് കലക്ട്രേറ്റ് വളപ്പിൽ എത്തിക്കുകയായിരുന്നു. ആർ.ടി.ഒ ജോജി പി. ജോസിന്റെ നിർദേശപ്രകാരം എം.വി.ഐ എൻ.കെ. ദീപു, എ.എം.വി.ഐമാരായ എസ്. ഗോപി, എസ്.ബേബി എന്നിവരാണ് വാഹനം കസ്റ്റഡിയിലെടുത്തത്.




• മോട്ടോർ വാഹന വകുപ്പ് അധികൃതർ പിടികൂടിയ കോൺട്രാക്ട് കാരേജ് ബസ്

# കേരള ബേക്കറി വ... ജില്ലാ കുടുംബസംഗ...

കൊച്ചി: കേരള ബേക്കറി വർക്കേഴ്സ് അസോസിയേഷൻ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടന്ന എറണാകുളം ജില്ലാ കുടുംബ സംഗമം കൊച്ചി കോർപ്പറേഷൻ മേയർ സൗമിനി ജയിൻ ഉദ്ഘാടനം ചെയ്തു.

ബേക്കറി ഉത്പന്നങ്ങൾ പുതുതലമുറയെ വളരെയേറെ ആകർഷിക്കുന്നവയാണെന്നും അതിനാൽ ഇവയുടെ ഗുണനിലവാരം ഉയർത്തുന്നതിലും വൃത്തിയുള്ള ഉത്പന്നം വിപണിയിലെത്തിക്കുന്നതിനും അസോ...




• വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധ...

# കാലവർഷം ശക്തി പ്രാപിച്ചു: വെള്ള...

കൊച്ചി: കാലവർഷം ശക്തി പ്രാപിച്ചതോടെ നഗരത്തിലും പരിസര പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂക്ഷമായി.

കളമശേരി, കുനംതൈ, ഇടപ്പള്ളി ടോൾ, ഇടപ്പള്ളി പ...ച്ചു. എം.ജി. റോഡിൽ പല ഹോട്ടലുകളിലും വെള്ളം കയറിയതിനെ തുടർന്ന് മോട്ടർ പമ്പ് ചെയ്താണ് ഇവിടുത്തെ വെള്ളം വറ്റിച്ചത്. ജോസ് ജങ്ഷനിലായിരുന്നു വെ... ണമെന്ന് വ്യാപാരികൾ പറയുന്നു. ഇന്നലെ അവധി ദിനമായതിനാലാണ് ഗതാഗത തടസം ഉണ്ടാകാതിരുന്നത്. എന്നാൽ പ്രവർത്തി ദിനമായതിനാലും മധ്യവേനലവധിക്ക്...



# ...ിൽ ...ക്കെണി




...ടാത്ത നടപ്പാത

സങ്ങൾ പിന്നിട്ടിട്ടും കഴിയാത്ത അവസ്ഥയാണ്.

സ്ലാബിലെ കമ്പികൾ പുറത്തേക്ക് തള്ളി നിൽക്കുകയാണ്. നടപ്പാതയുടെ അറ്റത്ത് സ്ലാബില്ലെന്ന മുന്നറിയിപ്പായി സമീപത്തെ ഹോട്ടലിന്റെ ബോർഡ് വച്ച് തടഞ്ഞതുകൊണ്ടാണ് പലരും കുഴിയിൽ വീഴാതെ രക്ഷപ്പെടുന്നത്. മഴക്കാലത്ത ഓട നിറഞ്ഞൊഴുകും. ഈ സമയത്ത് തുറന്നു കിടക്കുന്ന ഓടയിലേക്ക് വീണ് കാൽനടക്കാർ അപകടത്തിലാവും. കാൽനടക്കാരുടെ സുരക്ഷയ്ക്കായി നടപ്പാതയിൽ കൈവരി നിർമിക്കണമെന്നും കരാറിൽ വ്യവസ്ഥയുള്ളതായി പറയുന്നു. ഇതും നടപ്പാക്കിയിട്ടില്ല.

അപകടസാധ്യത കണക്കിലെടുത്ത് അധികൃതരുടെ അടിയന്തര ഇടപെടൽ ഉണ്ടാവണമെന്ന ആവശ്യം ശക്തമാണ്.



## കല്ലൂർക്കാട് എസ്.സി. പ്രൊമോട്ടറെ നിയമിക്കാത്തതിൽ പ്രതിഷേധം

**വാഴക്കുളം ▸** കല്ലൂർക്കാട് പഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള എസ്.സി. പ്രൊമോട്ടർ തസ്തികയിൽ നിയമനം നടത്താത്തതിൽ പ്രതിഷേധം. എട്ടു മാസത്തിലേറെയായി ഈ തസ്തികയിൽ ആളില്ല. പുതിയ അധ്യയനവർഷം ആരംഭിച്ചെങ്കിലും എസ്.സി. വിദ്യാർഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹരായവരെ കണ്ടെത്തി പട്ടികജാതി വികസനവകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇത് ചെയ്യേണ്ടത് പ്രൊമോട്ടറാണ്. ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾക്കായി സർവേ നടത്താനും സാധിച്ചിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷ ക്ഷണിച്ച് കൂടിക്കാഴ്ച നടത്തിയാണ് എസ്.സി. പ്രൊമോട്ടറെ നിയമിക്കേണ്ടത്. എന്നാൽ, ഇതിനുള്ള ഒരു നടപടിയും ആരംഭിക്കാത്തതിൽ പ്രതിഷേധിച്ച് അധികൃതർക്ക് നിവേദനം സമർപ്പിച്ചതായി കല്ലൂർക്കാട് മുൻ പഞ്ചായത്തംഗവും ദളിത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയുമായ ബാബു മനയ്ക്കപ്പറമ്പൻ പറഞ്ഞു.

## കെ.ആർ. നാരായണൻ ഫൗണ്ടേഷൻ ജില്ലാ സമ്മേളനം

**കൂത്താട്ടുകുളം ▸** കെ.ആർ. നാരായണൻ ഫൗണ്ടേഷൻ ജില്ലാ സമ്മേളനം കൂത്താട്ടുകുളത്ത് കെ.പി. അപ്പച്ചൻ ഉദ്ഘാടനം ചെയ്തു. എ.ആർ. വാസു അധ്യക്ഷനായി. സജീവ് ജോർജ്, തങ്കമ്മ കുട്ടപ്പൻ, പി.വി. സുലോചന, വിജയൻ ഏലപ്പാറ, മോഹനൻ ആലപ്പുഴ എന്നിവർ പ്രസംഗിച്ചു.

## സൗജന്യ ദന്തപരിശോധനാ ക്യാമ്പ്

**കൂത്താട്ടുകുളം ▸** കാക്കൂർ ആട്ടിൻകുന്ന് സെയ്ന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, കൂത്താട്ടുകുളം സെൻട്രൽ റോട്ടറി ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ ദന്തപരിശോധനാ ക്യാമ്പ് ഞായറാഴ്ച രാവിലെ 10.30-ന് ആട്ടിൻകുന്ന് പ്രശാന്തം ഓർത്തഡോക്സ് സെൻററിൽ നടക്കും. റോട്ടറി ക്ലബ്ബ് അസി. ഗവർണർ ആൻറണി തോമസ് ഉദ്ഘാടനം ചെയ്യും.

## കനാൽവാലി റസി. അസോസിയേഷൻ

**കൂത്താട്ടുകുളം ▸** വടകര കനാൽവാലി റസി. അസോസിയേഷൻ വാർഷികം നടന്നു. കൂത്താട്ടുകുളം അഗ്നിരക്ഷാസേനാ ഓഫീ...




▶ പുതുവേലി-വൈക്കം കവലയിൽ തീപിടിച്ച കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ ബസിന്റെ ഭാഗം

## കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ ബസിന് തീപിടിച്ചു

### രക്ഷാപ്രവർത്തനത്തിനെത്തിയ നാട്ടുകാരന് പൊള്ളലേറ്റു

**കൂത്താട്ടുകുളം ▸** പുതുവേലി-വൈക്കം കവലയിൽ കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ ബസിന് തീപിടിച്ചു. വൈക്കത്തുനിന്ന് കൂത്താട്ടുകുളം വഴി തൊടുപുഴയ്ക്ക് പോവുകയായിരുന്നു ബസ്. വ്യാഴാഴ്ച രാവിലെ ഒൻപത് മണിയോടെയാണ് സംഭവം. ആളുകൾ കയറുന്നതിനുവേണ്ടി ബസ് നിർത്തിയപ്പോൾ മുൻവശത്ത് എൻജിൻ ഭാഗത്ത് അകത്തുനിന്ന് തീ പടരുകയായിരുന്നു.

എൻജിനു മുകളിൽ എന്തെങ്കിലും തങ്ങിനിന്ന് ചൂടായി തീ പടർന്നതാകാമെന്നാണ് വിലയിരുത്തൽ. അപകടത്തിൽ തീയണയ്ക്കാൻ ശ്രമിച്ച നാട്ടുകാരിൽ ഒരാൾക്ക് പൊള്ളലേറ്റു. പുതുവേലി വടക്കേക്കര സാജു (54) വിനാണ് പരിക്കേറ്റത്. യാത്രക്കാർക്ക് ആർക്കും പരിക്കില്ല.



▶ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ ഉദ്ഘാടനം കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ട് നിർവഹിക്കുന്നു

## വിശ്വജ്യോതി കോളേജിൽ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ

**വാഴക്കുളം ▸** വിശ്വജ്യോതി എൻജിനീയറിങ് കോളേജിൽ 2015–19 ബാച്ചിലെ വിദ്യാർഥികളുടെ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലാ വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ട് ഉദ്ഘാടനം ചെയ്തു.

എം.ജി. യൂണിവേഴ്സിറ്റി ബി.ടെക്. കോഴ്സുകളിലേക്ക് നടത്തിയ അവസാനവർഷ പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ ഉൾപ്പെടെ 12 റാങ്കുകൾ നേടിയ വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു.

മാനേജർ ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ജോസഫ്കുഞ്ഞ് പോൾ, ഡയറക്ടർ ഡോ. ജോർജ് താനത്തുപറമ്പിൽ, സോമി പി. മാത്യു, ബേബി ജോൺ, ആദർശ് മാത്യു എന്നിവർ പ്രസംഗിച്ചു.



▶ വിദ്യാഭ്യാസ പുരസ്കാരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡോളി കുര്യാക്കോസ് വിതരണം ചെയ്യുന്നു

Mangalam
21st June 2019, Friday

ജനപ്രതിനി
ഃസ്ഥ പ്രതി
എത്തുന്ന

ടുന്ന വിഷ
പ്രാപ്തിയു
ക്കൽ കുറ
ഞരുന്നു. ഏ
പറഞ്ഞയ
മേലുദ്യോഗ

ൽ സിവിൽ
ത്തിൽ പോ
ൾ പോലും
ികൾ ഉൾ
ർ ഏറെ പ്രാ
ിൽ നിന്നും
ആശുപത്രി

രിക്കൽ പോലും പങ്കെടുക്കാത്ത പല പ്രധാന ഉദ്യോഗസ്ഥരും മൂവാറ്റുപുഴയിലുണ്ടെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു.

നഗരസഭ അധ്യക്ഷ അടക്കം ബഹുഭൂരിഭാഗം പഞ്ചായത്ത് പ്രസിഡന്റുമാരും സ്ഥിരമായി യോഗത്തിൽ സംബന്ധിക്കാറില്ല. അതുകൊണ്ടു തന്നെ പരാമർശിക്കപ്പെടുന്ന സംഭവങ്ങൾ തുടർച്ചയായ മീറ്റിങ്ങുകളിൽ ആവർത്തിക്കപ്പെടേണ്ട സാഹചര്യമാണുള്ളത്.

പൊതുജനങ്ങളെ യോഗത്തിലേക്ക് ആകർഷിക്കുന്നതിനും അധികാരികൾക്ക് സാധിക്കുന്നില്ല. പൗരസമിതി പ്രതിനിധിപോലുള്ള ഏതാനും വ്യക്തികൾ ഒഴിച്ചാൽ യോഗത്തിൽ അഭിപ്രായങ്ങളോ പരാതികളോ പറയാനും ആരും എത്താ

നാണ് ഏവർക്കും താൽപര്യമെന്നാണ് ആക്ഷേപം.


എല്ലാ വകുപ്പിലേയും ഉദ്യോഗസ്ഥരേയും താലൂക്കിലെ ജനപ്രതിനിധികളേയും ഒരുമിച്ചിരുത്തി പരാതികളും അഭിപ്രായങ്ങളും വേഗത്തിൽ പരിഗണിക്കുക എന്ന ലക്ഷ്യത്തിൽ നടക്കുന്ന സമിതിയോഗമാണ് പ്രഹസനമാകുന്നത്.

കഴിഞ്ഞ ദിവസം നടന്ന മീറ്റിങ്ങിൽ എം.എൽ.എയുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്തംഗം പായിപ്ര കൃഷ്ണനാണ് അധ്യക്ഷത വഹിച്ചത്. ബ്ലോക്ക് പഞ്ചായത്തംഗം ഒ.സി. ഏലിയാസ്, മാറാടി ഗ്രാമപഞ്ചായത്തംഗം ലത ശിവൻ, ആവോലി ഗ്രാമപഞ്ചായത്തംഗം അയ്യൂബ് ഖാൻ തുടങ്ങിയവരാണ് യോഗത്തിൽ സംബന്ധിച്ച ജനപ്രതിനിധികൾ.

# മൂവാറ്റുപുഴയിൽ കെട്ടിടത്തിന് തീപിടിച്ചു

വാറ്റുപുഴ: വീടിനോട്
ർന്നുള്ള കെട്ടിടത്തിന്
ലർച്ചെ തീ പിടിച്ചത് പ
ഭ്രാന്തി പരത്തി. വ്യാഴാ
പുലർച്ചെ നാലോടെ
ാണ് മൂവാറ്റുപുഴ കോള
ജങ്ഷനു സമീപം പീടി
യക്കടി കോശി ഫിലിപ്പി
ന്റ് ഉടമസ്ഥതയിലുള്ള
ണ്ടിക അഗ്നിക്കിരയായ

കെട്ടിടവും അതിനു
ള്ളിലുള്ള സാധനങ്ങളും
ം ഉരുപ്പടികളും പൂണ്ണർ
യും കത്തി നശിച്ചു. മൂ
ാറുപുഴ, കല്ലൂർക്കാട് എ
ിവടങ്ങളിൽ നിന്ന് ഫ
ർഫോ...ിന്റെ 4 യൂണി
വാഹനങ്ങൾ എത്തിയാ
് സ്ഥിതി നിയന്ത്രണ
ധേയമാക്കിയത്.
കല്ലൂർക്കാട് സ്റ്റേഷൻ
ഫീസർ ജോൺ ജി.
ാക്കിലിന്റെ നേതൃത്വത്തിൽ
ഏറെ പണിപ്പെട്ടാണ് തീ പൂർ
മായും അണച്ചത്. ഷോർട്ട്



• മൂവാറ്റുപുഴ കോളജ് ജങ്ഷനു സമീപം പീടിയേക്കടി കോശി ഫിലിപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് തീ പിടിച്ചപ്പോൾ.

സർക്യൂട്ട് ആകാം തീ പിടിക്കുന്നതിന് കാരണമെന്നാണ് സൂചന. ഏകദേശം 1.50 ലക്ഷത്തോളം രൂപയുടെ നാശനഷ്ടം ഉണ്ടായതായി അഗ്നിശമന സേന അറിയിച്ചു.

# ...യൺസ് ഭവനത്തിന്റെ താക്കോൽ കൈമാറി

ോതമംഗലം: ലയൺസ് ക്ലബ്
ഫ് കോതമംഗലം ഭവനരഹി
ർക്കായി നിർമിച്ചു നൽകുന്ന
സ്നേഹഭവനത്തിന്റെ ഉദ്ഘാട
ം വെളിയേൽച്ചാൽ സെന്റ്
ജോസഫ്സ് പള്ളി വികാരി
ാ. ജോർജ് തെക്കേയറ്റത്ത്
ർവഹിച്ചു.
ക്ലബ് പ്രസിഡന്റ് അഡ്വ.
ാബി സെബാസ്റ്റ്യൻ അധ്യ
ക്ഷത വഹിച്ചു. ഭാരവാഹികളാ
ടി.ഡി. ശ്രീകുമാർ, അഡ്വ. പി.
െ. പ്രസന്നൻ, ലൗലി ജോബി,
ജേശ്വരി ജിമ്മി എന്നിവർ പ്ര
ംഗിച്ചു. പദ്ധതിയുടെ ഭാഗമാ
ഈ വർഷം മൂന്ന് വീടുകളാ
് നിർമിച്ച് നൽകുന്നത്.
അതിൽ രണ്ടാമത്തെ വീട്
ഞ്ചര ലക്ഷം രൂപമുടക്കി കീ
പാറ പഞ്ചായത്തിൽ വെളി



• ലയൺസ് ക്ലബ് ഓഫ് കോതമംഗലം നിർമിച്ചു നൽകുന്ന സ്നേഹ ഭവനത്തിന്റെ ഉദ്ഘാടനം വെളിയേൽച്ചാൽ സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. ജോർജ് തെക്കേയറ്റത്ത് നിർവഹിക്കുന്നു.

സിയുടെ ഗവർണർ അഡ്വ. എ. വി. വാമനകുമാറിന്റെ പദ്ധതിയിൽ ഇതിനോടകം ലയൺസ് ക്ലബ് നിർമിച്ച് നൽകുന്ന മൂന്നാമത്തെ വീട് 30 നകം പൂർത്തിയാക്കി കീരംപാറ പഞ്ചാ

ധിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# വിശ്വജ്യോതിയിൽ മെറിറ്റ്ഡേ

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിങ് കോളജിൽ 2015-19 ബാച്ചിലെ വിദ്യാർഥികളുടെ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമ്മരാജൻ പി.കെ. ഉദ്ഘാടനം ചെയ്തു.

അവസാന വർഷ പരീക്ഷയിൽ ആദ്യ മൂന്നു റാങ്കുകൾ ഉൾപ്പെടെ 12 റാങ്കുകൾ നേടിയ വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു. 6 ബ്രാഞ്ചുകളിലായി ഈ വർഷം പഠനം പൂർത്തിയാക്കിയ 533 വിദ്യാർഥികളിൽ 404 പേർക്ക് ക്യാമ്പസ് സെലക്ഷനിലൂടെ ഇതിനകം ജോലി ലഭിച്ചിരുന്നു.

കോളജ് മാനേജർ ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ജോസഫ് കുഞ്ഞുപോൾ സി., ഡയറക്ടർ ഡോ. ജോർജ് താനത്തുപറമ്പിൽ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, പി.ടി.എ. പ്രസിഡന്റ് ബേബി ജോൺ, സ്റ്റുഡന്റ് കൗൺസിൽ പ്രസിഡന്റ് ആദർശ് മാത്യു, വകുപ്പ് മേധാവികളായ ഷൈൻ ജോർജ്, വിനോജ് കെ., അഞ്ജു സൂസൻ ജോർജ്, ആൻ നിത സാബു, ഡോ. ബി. അരുണ, അമൽ ഓസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു. മികച്ച ഔട്ട് ഗോയിങ് സ്റ്റുഡന്റിനുള്ള ഫാ. തോമസ് മലേക്കുടി എൻഡോവ്മെന്റ് പുരസ്കാരം റോസ് മരിയ ജോർജിന് സമ്മാനിച്ചു.

# സ്കൂൾ പരിസരത്തെ വൻമരം ഭീഷണിയെന്നു പരാതി

പിറവം: പിറവം ...തിമ സെൻട്രൽ സ്കൂളിന്റെ എൽ.കെ.ജി. സെക്ഷന് സമീപം നിൽക്കുന്ന വലിയ മരം അപകട ഭീഷണി ഉയർത്തുന്നതായി പരാതി.

സ്കൂളിന് എതിർവശത്ത് സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ നിൽക്കുന്ന ആഞ്ഞിലി, പൊങ്ങില്യം ഇനത്തിൽപ്പെട്ട മരങ്ങളാണ് കാറ്റടിച്ചാൽ മറിഞ്ഞ് വീഴുന്ന അവസ്ഥയിൽ നിൽക്കുന്നത്. കാലവർഷം ദുർബലമാണെങ്കിലും മഴയ്ക്ക് അകമ്പടി സേവിച്ച് എത്തുന്ന കാറ്റ് അപകടകാരിയാണ്.

കയ്യാലയുടെ മുകളിൽ നിൽക്കുന്ന മരത്തിന്റെ ചുവട് ഭാഗം മണ്ണ് ഇടിഞ്ഞ് വേരുകൾ തെളിഞ്ഞ നിലയിലാണ്. മരം റോഡിലേക്ക് ചരിഞ്ഞ് നിൽക്കുകയാണ്. അപകടം മുന്നിൽ കണ്ട് സ്കൂൾ അധികൃതർ സ്ഥല ഉടമയെ വിവരം ധരിപ്പിച്ചെങ്കിലും തീരുമാനമായില്ല.

കെ.ജി. സെക്ഷനിലെ 230 കുട്ടികൾ ഉൾപ്പെടെ ആയിരത്തി അഞ്ഞൂറോളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സ്കൂൾ ബസുകൾ ഉൾപ്പെടെ നൂറുകണക്കിന് വാഹനങ്ങളാണ് ഇതുവഴി ദിവസവും കടന്ന് പോകുന്നത്. അപകട ഭീഷണി ഉയർത്തുന്ന മരം മുറിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് നഗരസഭാ അധികൃതർക്ക് പരാതി നൽകിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സിസ്റ്റർ ഈനറ്റ് പറഞ്ഞു.




• വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളജിൽ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമ്മരാജൻ പി.കെ. ഉദ്ഘാടനം ചെയ്യുന്നു.

# ദുരന്തനിവാരണ കമ്മിറ്റി രൂപീകരിച്ചു

കോതമംഗലം: കീരംപാറ പഞ്ചായത്തിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ഫയർഫോഴ്സ്, പോലീസ്, റവന്യൂ, ഹെൽത്ത് വകുപ്പുകളെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ദുരന്ത നിവാര

ത്വം നൽകും.
ഇടവകയിലെ 20 യൂണിറ്റിലെ ഭാവാഹികൾ സംഗമത്തിൽ പങ്കെടുക്കും.

വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുഎസ്എസ് സ്കോളർഷിപ്പ് പരീക്ഷ വിജയിച്ച എട്ട് വിദ്യാർഥികൾളെയുമാണ് ആദരിക്കുന്നത്.

സ്കൂൾ മാനേജർ റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ സ്വാഗതവും ഹെഡ്മാസ്റ്റർ ജോയിക്കുട്ടി ജോസഫ് നന്ദിയും പറയും.

ക്രീറ്റ് ഭാഗവും തകർച്ചയുടെ വ
ക്കിലാണ്. സമീപത്തായി കോ
ൺക്രീറ്റ് ചെയ്ത കയറ്റത്തിലു
ഒന്നരമാസത്തോളമായി പൈപ്
പൊട്ടി വെള്ളം പാഴാകുകയാണ്.
മൂന്നു തവണ നന്നാക്കിയിട്ടു
പൊട്ടിയ പൈപ്പ് നേരെയായില്ല
സമീപത്ത് തന്നെ സ്വകാര്യ വ




വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ നടത്തിയ 2015-19 ബാച്ചിലെ എൻജിനിയറിംഗ് വിദ്യാർഥികളുടെ മെറിറ്റ് ആൻഡ് ഫെയർവെൽഡേ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.പി.കെ. ധർമരാജൻ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. സി. ജോസഫ്കുഞ്ഞ് പോൾ, വൈസ് പ്രിൻസിപ്പൽ സോമി പി.മാത്യു, മാനേജർ റവ. ഡോ.ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, ഡയറക്ടർ റവ. ഡോ.ജോർജ് താനത്തുപറമ്പിൽ എന്നിവർ സമീപം.

# വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ മെറിറ്റ് ഡേ

**വാഴക്കുളം:** വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ 2015-19 ബാച്ചിലെ എൻജിനിയറിംഗ് വിദ്യാർത്ഥികളുടെ മെറിറ്റ് ആൻഡ് ഫെയർവെൽഡേ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.പി.കെ. ധർമരാജൻ ഉദ്ഘാടനം ചെയ്തു.

എംജി യൂണിവഴ്സിറ്റി ബി.ടെക് കോഴ്സുകളിലേക്ക് നടത്തിയ അവസാന വർഷ പരീക്ഷയിൽ ഒന്നും രണ്ടും മന്നും റാങ്കുകൾ ഉൾപ്പെടെ 12 റാങ്കുകൾ നേടിയ വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു. ആറ് ബ്രാഞ്ചുകളിലായി 533 വിദ്യാർഥികൾ ഈ വർഷം പഠനം പൂർത്തീകരിച്ചു. ഇതിൽ 404 വിദ്യാർഥികൾക്ക് ക്യാമ്പസ് സെലക്ഷനിലൂടെ ജോലി ലഭിച്ചു.

കോളേജ് മാനേജർ റവ. ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. സി. ജോസഫ്കുഞ്ഞ് പോൾ, ഡയറക്ടർ റവ. ഡോ.ജോർജ് താനത്തുപറമ്പിൽ, വൈസ് പ്രിൻസിപ്പൽ സോമി പി.മാത്യു, പിടിഎ പ്രസിഡന്റ് ബേബി ജോ, സ്റ്റുഡന്റ്സ് കൗസിൽ ചെയർമാൻ ആദർശ് മാത്യു എന്നിവർ പ്രസംഗിച്ചു. വകുപ്പ് മേധാവികളായ ഷൈൻ ജോർജ്, കെ.വിനോദ്, അഞ്ജു സൂസൻ ജോർജ്, ആൻ നിത സാബു, ഡോ. ബി.അരുണ, അമൽ ഓസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. കോളജിലെ ഈ വർഷത്തെ ബെസ്റ്റ് ഔട്ട്ഗോയിംഗ് വിദ്യാർഥിക്കുള്ള ഫാ.തോമസ് മലേക്കുടി എൻഡോവ്മെന്റ് പുരസ്കാരം സിവിൽ വിഭാഗത്തിലെ റോസ് മരിയ ജോർജിന് സമ്മാനിച്ചു.

ഓരോ വിഭാഗത്തിലേയും മികച്ച വിദ്യാർഥികളായ റോസ് മരിയ ജോർജ് (സിവിൽ), ദിയ എബ്രാഹാം (കമ്പ്യൂട്ടർ സയൻസ്), അനന്തു കൃഷ്ണൻ (ഇലക്ട്രിക്കൽ), സേതുലക്ഷ്മി ഹരിദാസ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ), അമൽ രാജ് വിദ്യാധരൻ (ഐടി), അരുൺ രാജു (മെക്കാനിക്കൽ) എന്നിവർക്ക് ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ എൻഡോവ്മെന്റ് പുരസ്കാരവും മെക്കാനിക്കൽ വിഭാഗത്തിലെ പി.എ. അനുരൂപിന് മുരളികൃഷ്ണൻ മെമ്മോറിയൽ എൻഡോവ്മെന്റ് പുരസ്കാരവും നൽകി.

# വായന ദിന

**തൊടുപുഴ:** വായിച്ചു വളരാം എ
ന്ന പേരിൽ കെ എസ് യു ജില്ല
കമ്മിറ്റിയുടെ നേതൃത്വത്തിൽ വ
യന ദിനാചരണം നടത്തി. ജി
യുടെ വിവിധ മേഖലകളിൽ
തു വിദ്യാലയങ്ങളിൽ പുസ്ത
വിതരണം നടത്തി. കുടയത്തൂ
ഗവ. എൽപി സ്കൂളിൽ നട
വായന ദിനാചരണം കെ എ
യു ജില്ലാ പ്രസിഡന്റ് ടോണ
തോമസ് ഉദ്ഘാടനം ചെയ്
സ്കൂൾ ഹെഡ്മാസ്റ്റർ വി.എ
ഫിലിപ്പച്ചൻ വായന ദിന സ
ശം നൽകി. ബുർഹാൻ ഹു
ൻ റാവുത്തർ, ജെയ്സൺ തേ
സ് എന്നിവർ നേതൃത്വം നൽ

**കുടയത്തൂർ:** ഗവ. ഹയർ സെ
ൻഡറി സ്കൂളിൽ വായന ദി
ചരണം നടത്തി. വായനാദിന
രണത്തോടനുബന്ധിച്ച് കുട്ട



തൊടുപുഴ കോ- ഓപ്പറേറ്റീവ്
പ്രിൻസിപ്പലുമായി സംസാരിക്ക

# ലോ കോളജ
# പ്രവർത്തക

**തൊടുപുഴ:** എസ്എഫ്ഐ
നേതൃത്വത്തിൽ തൊടു
കോ- ഓപ്പറേറ്റീവ് ലോ കോ
പ്രിൻസിപ്പലിനെ നാലു മണ
റോളം തടഞ്ഞു വച്ചു. കേ
വിദ്യാർഥിയെ മാനസിക
പീഡിപ്പിക്കുകയും ഇ- ഗ്രാ
ടഞ്ഞു വയ്ക്കുകയും ചെ
അധ്യാപകനെതിരേ നടപ
വശ്യപ്പെട്ടാണ് വിദ്യാർഥ
പ്രിൻസിപ്പലിനെ ഉപരോധ
തൊടുപുഴ എസ്ഐ എ
സാഗറിന്റെ നേതൃത്വത്തി
ലീസ് മാനേജ്മെന്റ് പ്രതിന
ളും വിദ്യാർഥികളുമായി ന
യ ചർച്ചക്കൊടുവിലാണ്

## ഇന്നത്തെ സിനിമ

### തൊടുപുഴ

**ആശീർവാദ് സിനിപ്ലസ്**

**ആശിഷ്:** രംഗസ്ഥലം (മലയാളം) (2 ഷോ, 11.00, 6.45). സിന്ധുബാദ് (തമിഴ്) (1 ഷോ, 2.00). വകതിരിവ് (മലയാളം) (1 ഷോ, 4.30).

**അനിഷ:** വൈറസ് (മലയാളം) (2ഷോ, 11.00, 4.45). തമാശ (മലയാളം) (2ഷോ, 2.00, 7.15). ചിൽഡ്രൺസ് പാർക്ക് (മലയാളം) (1 ഷോ, 9.30).

**പ്രണവ്:** ഉണ്ട (മലയാളം) (4ഷോ, 11.30, 2.15, 6.00, 9.15).

**വിസ്മയ:** ആന്റ് ദ ഓസ്കാർ ഗോസ് ടു (മലയാളം) (4 ഷോ, 11.30, 2.30, 6.30, 9.30). വൈറസ് (മലയാളം) (3ഷോ, 11.15, 6.00, 9.15).

**സിൽവർ ഹിൽസ്**

**സ്ക്രീൻ 1:** ഉണ്ട (മലയാളം) (5 ഷോ, 11.45, 2.45, 7.00, 9.45, 11.55). തമാശ (മലയാളം) (3 ഷോ, 2.30, 6.30, 9.30).

**സ്ക്രീൻ 2:** ഇക്കയുടെ ശകടം (മലയാളം) (2ഷോ, 11.00, 1.00). ഗെയിം ഓവർ (മലയാളം) (2 ഷോ, 3.00, 5.00). ഉയരെ (മലയാളം) (2ഷോ, 7.15, 10.00).

**സ്ക്രീൻ 3:** വൈറസ് (മലയാളം) (4ഷോ, 12.00, 3.00, 7.00, 10.00).

**മുട്ടം ശക്തി:** മധുരരാജ

## യോഗാ ദിനാചരണം

**തൊടുപുഴ:** ആർട്ട് ഓഫ് ലിവിംഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗാദിനാചരണം നടത്തും. ഇന്ന് രാവിലെ 8.30ന് ആർട്ട് ഓഫ് ലിവിംഗ് യോഗാ സ്റ്റുഡിയോയിൽ നടക്കുന്ന പരിപാടി ജില്ലാ സബ്ജഡ്ജി ദിനേശ് എം.പിള്ള ഉദ്ഘാടനം ചെയ്യും. ബിജു കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.

**മുട്ടം:** യോഗാ ദിനാചരണത്തിന്റെ ഭാഗമായി മുട്ടം പോളിടെക്നിക് കോളജിൽ യോഗ ബോധവത്കരണ ക്ലാസ് നടത്തി. മുട്ടം ജില്ലാ ഹോമിയോ ആശുപത്രിയിലെ ഡോ.ദിവ്യ, ഡോ.സ്മിത എന്നിവർ നേതൃത്വം നൽകി. എൻസിസി ഓഫീസർ വിജയചന്ദ്രൻ പിള്ള, പി. പ്രകാശ്, സി. രാഹുൽ എന്നിവർ നേതൃത്വം നൽകി.

Deepika, 21st June 2019
Friday

# പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ചുരുളഴിക്കുമ്പോൾ

റവ. ഡോ. ജെയ്സൺ മുളേരിക്കൽ സിഎംഐ

ഭരണത്തിൽ കയറി 48 മണിക്കൂറിനുള്ളിൽ മേശപ്പുറത്ത് വയ്ക്കപ്പെട്ട പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട്, രണ്ടാം മോദി സർക്കാരിന്റെ ആദ്യ സമ്മാനമാണെന്നു വേണം കരുതാൻ. വർണക്കടലാസിൽ പൊതിഞ്ഞ സമ്മാനങ്ങൾ തുറന്നുനോക്കാതെ, അതിനകത്ത് ഉള്ളതെന്തെന്നു പറയാൻ സാധിക്കാത്തതുപോലെ നാനൂറ്റിഎൺപതോളം പേജുള്ള, ഇംഗ്ലീഷിൽ മാത്രം ഇറക്കിയിരിക്കുന്ന ഈ സമ്മാനം ഒരു പൊതിയാത്തേങ്ങ പോലെ തന്നെയാണു ഭാരതമഹാരാജ്യത്തിന്റെ ഭൂരിപക്ഷത്തിന്റെ മുൻപിലും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ഈ 30ാം തീയതിക്കകം അറിയിക്കണമെന്നു കട്ടായം പറയുമ്പോൾ ഇത്ര ബൃഹത്തായ, സർവസ്പർശിയായ ഒരു രേഖ ശരിയായ അർഥത്തിലും വ്യാപ്തിയിലും ചർച്ച ചെയ്യപ്പെടാനുള്ള സാവകാശം നൽകുന്നുണ്ടോ എന്ന കാര്യത്തിൽ സന്ദേഹമുണ്ട്. കുറഞ്ഞപക്ഷം മാതൃഭാഷകളിലേക്കു മൊഴിമാറ്റം നടത്താനുള്ള സമയമെങ്കിലും കൊടുക്കേണ്ടതായിരുന്നു, സാമാന്യ ജനങ്ങളിലേക്ക് ഈ നയത്തിന്റെ കാതലായ ഭാഗങ്ങളെങ്കിലും എത്തിക്കാൻ. രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അലകും പിടിയും മാറ്റപ്പെടുന്ന രീതിയിൽ, ദൂരവ്യാപകമായ ഫലങ്ങൾ നല്ല രീതിയിലും മോശം രീതിയിലും ഉണ്ടാക്കുന്നവയാണ് ഈ രേഖയിലെ പ്രധാന നിർദേശങ്ങളിൽ അധികവും. പത്താം ക്ലാസിനുശേഷം പ്ലസ്ടു എന്ന വിദ്യാഭ്യാസക്രമംതന്നെ മാറ്റണമെന്നും 2020നുശേഷം പുതിയ അഫിലിയേറ്റഡ് കോളജുകൾ ഒന്നും തന്നെ അനുവദിക്കരുതെന്നുമുള്ള നിർദേശങ്ങൾ നമ്മെ ആശങ്കപ്പെടുത്തുമെങ്കിൽ, നാലാം വ്യാവസായിക വിപ്ലവത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ തക്കവിധം പുതിയ തലമുറയെ രൂപപ്പെടുത്താൻ സഹായിക്കുന്ന വിവിധ വൈവിധ്യ ((Interdisciplinary)) പാഠ്യരീതി വിദ്യാഭ്യാസത്തിന്റെ സമഗ്രമേഖലകളിലും അവതരിപ്പിക്കാനുള്ള നിർദേശങ്ങൾ വരെ ...

നിയന്ത്രണത്തിലുമാകും. ചുരുക്കിപ്പറഞ്ഞാൽ വിദ്യാഭ്യാസരംഗത്ത് ഒരു കരിയിലയനങ്ങിയാൽ ഭരണകൂടത്തിന് അറിയാനും നിയന്ത്രിക്കാനും സാധിക്കുന്ന തരത്തിൽ സമഗ്രമായ ഒരു ചട്ടക്കൂടാണ് അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നത്.

ഈ പ്രക്രിയയിലേക്കു മൂന്നുവയസു മുതലുള്ള കൊച്ചുകുട്ടികളെവരെയും ഉൾപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ടെന്നുള്ള സംശയം ജനിപ്പിക്കുന്നുണ്ട് പുതിയ കരട് രേഖ. ഇപ്പോഴുള്ള 10+2 സ്കൂൾ വിദ്യാഭ്യാസ പദ്ധതിയുടെ സ്ഥാനത്തു മൂന്ന് വയസിൽ നഴ്സറിയിൽ പോകുന്ന കുട്ടികളെക്കൂടി ദേശീയ വിദ്യാഭ്യാസ പദ്ധതിയിലേക്ക് ഉൾപ്പെടുത്തി 5+3+3+4 എന്ന വിദ്യാഭ്യാസപദ്ധതി നിർദേശിക്കപ്പെടുമ്പോൾ, അതിന് എന്തെല്ലാം നല്ല വശങ്ങൾ ഉണ്ടെന്നു പറഞ്ഞാലും ദേശീയതയിൽ മുക്കിയ പ്രത്യയശാസ്ത്രത്തെ, കുപ്പിപ്പാലിനൊപ്പം തന്നെ ഒരു തലമുറയിലേക്ക് കടത്തിവിട്ട്, കൃത്യമായ നിരീക്ഷണ കവചമൊരുക്കി, ഒരൊറ്റ അച്ചിൽ അവരെ വാർത്തെടുക്കാനുള്ള വലിയ പദ്ധതിയുടെ ഭാഗമാണെന്നു തോന്നിയാൽ ആർക്കും കുറ്റം പറയാൻ സാധിക്കില്ല. ബഹുസ്വരതയെ തുരങ്കം വയ്ക്കുന്നുവെന്ന് തോ...

ജുകൾ അനുവദിക്കുകയില്ലെന്നുവരെ പറഞ്ഞുവയ്ക്കുന്നുണ്ട് പുതിയ നയം. അതോടൊപ്പം തന്നെ എടുത്തുപറയേണ്ടതാണ് ഇപ്പോഴുള്ള എല്ലാ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെയും 2030 ഓടുകൂടി സർവകലാശാലകളായോ സ്വയംഭരണ സ്ഥാപനങ്ങളായോ ഉയർത്തണമെന്ന നിർദേശം. ഇതുവരെയും ഒരൊറ്റ സ്വകാര്യ സർവകലാശാല പോലും അനുവദിക്കാത്ത, സ്വയംഭരണത്തിനെതിരേ മുഖം തിരിഞ്ഞുനില്ക്കുന്ന ഗവൺമെന്റ് കോളജുകളും ഉള്ള കേരളത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഒരു നിർദേശമാണിത്.

കേരളത്തിലെ അർഹതപ്പെട്ട ഉന്നത വിദ്യാഭ്യാസ ഏജൻസികൾക്ക് ഇനിയെങ്കിലും സ്വകാര്യ കല്പിത സർവകലാശാലകൾ തുടങ്ങാനുള്ള എൻഒസി സംസ്ഥാന സർക്കാർ അടിയന്തരമായി അനുവദിച്ചില്ലെങ്കിൽ പുതിയ നയത്തിന്റെ ബലത്തിൽ അന്യ സംസ്ഥാന സ്വകാര്യ സർവകലാശാലകൾ കേരളീയ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ കുത്തകകളായി മാറുന്നതിനു നാം സാക്ഷ്യം വഹിക്കേണ്ടിവരും.

യി ഉൾക്കൊണ്ടിട്ടുണ്ട്.

ഈ രേഖയിൽ ആവർത്തിച്ചാവർത്തിച്ച് കേൾക്കുന്ന പദമാണ് 'ഉദാര കലകൾ' (Liberal Arts) എന്നുള്ളത്. പഠിക്കാൻ തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ മാത്രമല്ല, ഉപരിപഠനകാലത്ത് എൻട്രി, എക്സിറ്റ് പോയിന്റുകൾ വരെ സ്വയം നിശ്ചയിക്കാനുള്ള ഉദാരത ഈ രേഖ വിഭാവനം ചെയ്യുന്നുണ്ട്. അതു വിദ്യാർഥികളുടെ കോഴ്സുകളുടെ തെരഞ്ഞെടുപ്പിൽ വിവിധ വൈവിധ്യത്തെ (inter disciplinary options) പ്രോത്സാഹിപ്പിക്കുകയും എൻജിനിയറിംഗ്, സാങ്കേതിക പഠനങ്ങൾക്കൊപ്പം തന്നെ സാഹിത്യമോ, ലളിത കലകളോ, അക്കൗണ്ടൻസിയോ പോലും മൈനർ വിഷയങ്ങളായി പഠിക്കാനും തിരിച്ചുമുള്ള സൗകര്യങ്ങൾ ഒരുക്കും.

ചുരുക്കിപ്പറഞ്ഞാൽ വിദ്യാർഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസരണം സാങ്കേതിക വിദ്യയിലുള്ള പ്രാവീണ്യവും അവരുടെ മാനുഷിക കഴിവുകളുടെ വികാസവും ഒരുമിച്ച് നടത്താൻ ഉതകുന്ന സാഹചര്യമൊരുങ്ങും. ഈ തലമുറ പറിച്ചു നടപ്പെടുന്ന പുതിയ ലോകത്തെ നേരിടാൻ ഇത്തരം വൈവിധ്യമാർന്ന കഴിവുകൾ അത്യന്താപേക്ഷിതമായി തീരുകയും ചെയ്യും. കാരണം ഇപ്പോഴുള്ള 65 ശതമാനം പ്രൈമറി വിദ്യാർഥികളും ഭാവിയിൽ ചെയ്യാൻ സാധ്യതയുള്ള ജോലികൾ എന്തെന്നുപോലും ഇപ്പോൾ നിർവചിക്കപ്പെട്ടിട്ടില്ല എന്നതാണു വിദഗ്ധമതം. എന്തിനെയും നേരിടാൻ ഒരുക്കമുള്ളവരായി തീർക്കുക എന്നതുമാത്രമായിരിക്കും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാമുഖ്യം

പല വിദേശരാജ്യങ്ങളിലും ഉള്ളതുപോലെ തന്നെ 6, 7, 8 ക്ലാസുകളിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്ലംബിംഗ്, വയറിംഗ്, നിർമാണ മേഖലകൾ, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ടെക്നീഷൻ തുടങ്ങിയവ ഉൾക്കൊള്ളാവുന്ന തൊഴിലധിഷ്ഠിത (വൊക്കേഷണൽ) മേഖലകളിലേക്കു പകുതിയോളം വി...



രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അലകും പിടിയും മാറ്റപ്പെടുന്ന രീതിയിൽ, ദൂരവ്യാപകമായ ഫലങ്ങൾ നല്ല രീതിയിലും മോശം രീതിയിലും ഉണ്ടാക്കുന്നവയാണ് പുതിയ ദേശീയ വിദ്യാഭ്യാസനയ കരട് രേഖയിലെ പ്രധാന നിർദേശങ്ങളിൽ അധികവും. പത്താം ക്ലാസിനുശേഷം പ്ലസ്ടു എന്ന വിദ്യാഭ്യാസക്രമംതന്നെ മാറ്റണമെന്നും 2020നുശേഷം പുതിയ അഫിലിയേറ്റഡ് കോളജുകൾ അനുവദിക്കരുതെന്നുമുള്ള നിർദേശങ്ങൾ ആശങ്കപ്പെടുത്തുന്നതാണ്.

ഇന്നത്തെ ചിന്ത
നിങ്ങൾക്കു ചെയ്യാൻ സാധിക്കാത്ത കർമം ഏറ്റെടുക്കരുത്. എന്നാൽ, വാക്കു പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം -ജോർജ് വാഷിംഗ്ടൺ
2019 ജൂൺ 26 ബുധൻ ദീപിക

# എൻജി. കോളജുകളും ഗുണനിലവാരവും

ഡോ.ടി.എം. ജോർജ്

കേരളത്തിൽ എൻജിനിയറിംഗ് പ്രവേശന നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ മേഖല അഭിമുഖീകരിക്കുന്ന ഏതാനും വിവരങ്ങൾ വിദ്യാർഥികളുടേയും രക്ഷാകർത്താക്കളുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഉചിതമായ തീരുമാനമെടുക്കാൻ അവരെ സഹായിക്കുമെന്നു കരുതുന്നു. ഒരു ഭാഗത്ത് എൻജിനിയറിംഗ് ബിരുദ പ്രവേശനത്തിൽ അഡ്മിഷനെടുക്കാതെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും മറുഭാഗത്ത് അഡ്മിഷനെടുത്ത കുട്ടികൾ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോവുകയും ചെയ്യുന്ന പ്രവണത 2016 മുതലുണ്ട്. അന്നുമുതൽ ഓരോ വർഷവും ഏതാണ്ട് 75,000 കുട്ടികളുടെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വിദ്യാർഥികളുടെ കുറവുമൂലം 2018-19 ൽ ഇന്ത്യയിലാകെ 200ൽ പരം കോളജുകൾ അടച്ചുപൂട്ടാൻ എഐസിടിഇ യുടെ അനുമതി തേടിയിരിക്കുകയാണ്. തന്മൂലം 2019-20 ൽ വീണ്ടും 80,000 സീറ്റുകൾകൂടി സാങ്കേതിക ബിരുദ പഠനത്തിൽ കുറവു വരും.


സീറ്റുകളുടെ 20 ശതമാനത്തിൽ താഴെ മാത്രം അഡ്മിഷൻ നടക്കുന്ന് കോളജുകളിലാണ് ഇപ്രകാരം പ്രതിസന്ധി. ലഭ്യമായതിന്റെ പകുതി എൻജിനിയറിംഗ് സീറ്റുകളിൽ മാത്രമാണ് കുട്ടികൾ പ്രവേശനം നേടുന്നത് എന്നത് ഈ മേഖല നേരിടുന്ന പ്രതിസന്ധികളുടെ ഗൗരവം വ്യക്തമാക്കുന്നു. വരുംവർഷങ്ങളിലും പ്രവേശനം നേടുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ കുറവുണ്ടാകാനും കൂടുതൽ കോളജുകൾ അടച്ചുപൂട്ടാനും സാധ്യതയുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ എന്തുകൊണ്ടാണ് ഈവിധം ഒരു പ്രതിസന്ധി വന്നു

സംബന്ധിച്ച് ഗവൺമെന്റിന് കൃത്യമായ ഒരു ആസൂത്രണം ഉണ്ടായിരുന്നില്ല എന്നതാണ്. കോളജുകൾ അനുവദിക്കുന്നതിൽ കൃത്യമായ മാനദണ്ഡങ്ങളില്ലാതെ ആവശ്യപ്പെട്ടവർക്കെല്ലാം കോളജുകൾ അനുവദിച്ചു. കേരളംപോലെയുള്ള ഒരു ചെറിയ സംസ്ഥാനത്ത് ആവശ്യത്തിലധികം കോളജുകൾ ഒരു സാധ്യതാപഠനം പോലുമില്ലാതെ സ്വകാര്യമേഖലയിൽ അനുവദിക്കപ്പെട്ടു.

വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണവും തകർച്ചയുടെ ആക്കം കൂട്ടാൻ കാരണമായി. കാർഷികമേഖലയിലും വ്യാവസായിക മേഖലയിലും തുടർച്ചയായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വളർച്ചാമുരടിപ്പും അതുവഴിയുണ്ടായ തൊഴിലില്ലായ്മയും എൻജിനിയറിംഗ് മേഖലയെ അനാകർഷകമാക്കാൻ കാരണമായിട്ടുണ്ട്.

രണ്ടാമത്തെ കാരണം സാങ്കേതിക വിദ്യാഭ്യാസത്തിൽ വന്നുഭവിച്ച ഗുണനിലവാരത്തകർച്ചയാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സർക്കാർ ഭാഗത്തുനിന്നു ശക്തമായ ഇടപെടൽ ഉണ്ടായില്ല എന്നത് ഒരു യാഥാ



ജ്യങ്ങളിൽ ഉപരിപഠനവും ജോലിയും അന്വേഷിക്കുന്നവരാണ്. ആ രാജ്യങ്ങൾ അധ്യാപന- അധ്യയന പ്രക്രിയയിലൂടെ ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കുമ്പോൾ ബിരുദധാരികളിൽ അവശ്യം ഉണ്ടാകേണ്ട ഗുണങ്ങൾക്കാണു മുൻഗണന നൽകുന്നത്. സാങ്കേതിക ജ്ഞാനം, തൊഴിൽ വൈദഗ്ധ്യം, നൈപുണ്യം, മൂല്യങ്ങൾ, മനോഭാവം, പ്രശ്ന പരിഹാരത്തിനുള്ള കഴിവ്, പ്രായോഗിക പരിശീലനം, ഭാഷാ സ്വാധീനം, ഗവേഷണം, നൂതനാഭിമുഖ്യം ഇവയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഗുണപരമായ വിദ്യാഭ്യാസ രീതിയാണ് (outcome based education) അവർ അവലംബിക്കുന്നത്. ഇത് അനന്തരഫലങ്ങളെ അടിസ്ഥാനമാക്കി വിദ്യാഭ്യാസ പ്രക്രിയയെ കാലികവും നൂതനവും പ്രസക്തവുമാക്കുന്നു.

## വാഷിംഗ്ടൺ കരാറും തൊഴിൽ സാധ്യതകളും

വാഷിംഗ്ടൺ കരാർ പ്രകാരം നമ്മുടെ രാജ്യത്തെ എൻജിനിയറിംഗ് ബിരുദധാരികൾക്കു ല

> സാങ്കേതിക വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധിക്ക് അനേകം കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. പ്രധാനപ്പെട്ട ഒരു കാരണം കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഗവൺമെന്റിന് കൃത്യമായ ഒരു ആസൂത്രണം ഉണ്ടായിരുന്നില്ല എന്നതാണ്. കോളജുകൾ അനുവദിക്കുന്നതിൽ കൃത്യമായ മാനദണ്ഡങ്ങളില്ലാതെ ആവശ്യപ്പെട്ടവർക്കെല്ലാം കോളജുകൾ അനുവദിച്ചു. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണവും തകർച്ചയുടെ ആക്കം കൂട്ടാൻ കാരണമായി.

ണി
വേ
ഴ്സിറ്റി ബി
രുദങ്ങളുമായി തുല്യത കൈവരികയും ഈ രാജ്യങ്ങളിലെ വിപുലമായ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുകയും ചെയ്യുന്നു. ഇതിന് ആർട്സ് - സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന അക്രഡിറ്റേഷനുമായി ബന്ധമില്ല. എൻബിഎ അക്രഡിറ്റേഷനുള്ള എൻജിനിയറിംഗ് ബ്രാഞ്ചിൽ നിന്നു ബിടെക് പാസായ ഒരു ഉദ്യോഗാർഥിക്കു വാഷിംഗ്ടൺ കരാർ പ്രകാരമുള്ള അംഗരാജ്യങ്ങളിലെ ഒരു പൗരന് ലഭിക്കുന്ന അവകാശങ്ങൾ ഉപരിപഠനത്തിനും തൊഴിലിനും സ്വയം സംരംഭങ്ങൾ നടത്തുന്നതിനും ലഭിക്കുന്നതാണ്. ആ രാജ്യങ്ങളിലെ അക്കാദമിക യോഗ്യതയ്ക്ക് തുല്യമായ പരിഗണന അക്രഡിറ്റേഷനിലൂടെ ലഭിക്കുന്നു.

വിവിധ രാജ്യങ്ങളിൽ അനായാസം തൊഴിൽ തേടുന്നതിനും ഉപരിപഠനം നടത്തുന്നതിനും ഇതുവഴി സാധിക്കും. അങ്ങനെ എൻബിഎ അക്രഡിറ്റേഷൻ വഴി സാങ്കേതിക ബിരുദധാരികൾക്കു വാഷിംഗ്ടൺ കരാറിലുള്ള അംഗരാജ്യങ്ങളിലെ വിപുലമായ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. കൂടാതെ രക്ഷാകർത്താക്കളിലും വിദ്യാർഥികളിലും തൊഴിൽ ദാതാക്കളിലും വിശ്വാസ്യതയും

